ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) പാലം നിർമ്മാണത്തിന് ഇതിനകം 1,59,97,112 രൂപ ചെലവഴിച്ചു.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് പ്രവൃത്തി ചെയ്യുന്നത്.

(ഡി) സ്ഥലം ലഭ്യമാകാത്തതിനാൽ പൂർത്തിയായിട്ടില്ല.

(ഇ) പാർശ്വഭിത്തിയുടെ പണിയും മണ്ണ് നിറയ്ക്കലും നടന്നുകൊണ്ടിരിക്കുന്നു.

(എഫ്) സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി മുൻകൂർ സമ്മതപത്രം വാങ്ങിയിരുന്നു. എന്നാൽ ഭൂമി പൊന്നുവിലയ്ക്കെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ജി) അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാനാവും.

(എച്ച്) 13-7-2010-ൽ കൂടിയ മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് പണികളുടെ അവലോകന യോഗത്തിൽ ഈ കാര്യം ധനകാര്യ വകുപ്പുമന്ത്രി ചർച്ച ചെയ്യുകയുണ്ടായി.

കണ്ണൂർ ജില്ലയിലെ മാട്ടൂൽ - മടക്കര പാലം നിർമ്മാണം

232 (4586) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ-മടക്കര പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാവും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) P6 & P7 ഒഴിച്ച് ഫൗണ്ടേഷൻ പൂർത്തിയായി. അബട്ട്മെന്റ് തൂണുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പാലം 31-3-2011-നുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly